LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കടൽ തീരത്തുനിന്നും 24 നോട്ടിക്കൽ മൈലിനപ്പുറം 200 നോട്ടിക്കൽ മൈൽ വരെയാണ് കടലിലെ Exclusive Economic Zone. ഈ മേഖലയിലാണ് വിദേശകപ്പലുകൾക്ക് കേന്ദ്ര ഗവൺമെന്റ് മത്സ്യബന്ധനത്തിന് അനുമതി നൽകുന്നത്. പ്രസ്തുത ദൂരപരിധി ലംഘിച്ച് വിദേശ കപ്പലുകൾ മത്സ്യബന്ധനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിദേശ കപ്പലുകൾ ദൂരപരിധി ലംഘിച്ച് മത്സ്യബന്ധനം നടത്തുന്നത് മത്സ്യസമ്പത്ത് കുറയുന്നതിന് കാരണമായിട്ടുണ്ടെന്ന് മത്സ്യത്തൊഴിലാളികൾ പരാതി ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ശാസ്ത്രീയ പഠനങ്ങൾ ഫിഷറീസ് വകുപ്പ് നടത്തിയിട്ടില്ല. ഇപ്രകാരമുള്ള മത്സ്യബന്ധനം തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള അധികാരം കേന്ദ്ര സർക്കാരിനാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

മത്സ്യത്തൊഴിലാളികളുടെ ആവാസകേന്ദ്രങ്ങൾ സംരക്ഷിക്കാൻ നടപടി

149 (3781) ശ്രീ. എസ്. ശർമ്മ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടൽത്തീരവും കായൽത്തീരവും മത്സ്യത്തൊഴിലാളികളുടെ ആവാസ കേന്ദ്രമാണെന്നകാര്യം സർക്കാർ അംഗീകരിക്കുന്നുണ്ടോ; എങ്കിൽ, പ്രസ്തുത സ്ഥലങ്ങളിൽനിന്നും മത്സ്യത്തൊഴിലാളികളെ ആട്ടിയോടിക്കുന്ന തരത്തിലുള്ള നിലപാടുകൾ തിരുത്താൻ സർക്കാർ തയ്യാറാകുമോ ;

(ബി) വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ കരപ്രദേശം നിയന്ത്രണമേഖലയായി പ്രഖ്യാപിച്ചതിനെത്തുടർന്ന് ഈ മേഖലയിൽ പുതുതായി വീടുകൾ നിർമ്മിക്കാൻ പോലും അനുമതി നിഷേധിക്കുകയാണെന്നറിയാമോ ;

(സി) മത്സ്യത്തൊഴിലാളികൾ തീരപ്രദേശങ്ങളിൽനിന്ന് അകറ്റപ്പെടുമ്പോഴും വൻവ്യവസായങ്ങൾക്കും ടൂറിസ്റ്റ് റിസോർട്ടുകൾക്കും അനുവാദം നൽകുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നുണ്ടോ ;

(ഡി) മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിക്കുന്ന തീരദേശ നിയന്ത്രണ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പിൻവലിക്കാൻ സർക്കാർ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കടൽത്തീരവും കായൽത്തീരവും മത്സ്യത്തൊഴിലാളി സമൂഹം ഉൾക്കൊള്ളുന്ന ജനങ്ങളുടെ ആവാസ കേന്ദ്രമാണ്. പ്രസ്തുത സ്ഥലങ്ങളിൽനിന്നും മത്സ്യത്തൊഴിലാളികളെ ഒഴിപ്പിക്കുന്നതിനോ മാറ്റിപ്പാർപ്പിക്കുന്നതിനോ ഉള്ള ഒരു നിലപാടും സർക്കാർ എടുത്തിട്ടില്ല.

(ബി) തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം പ്രകാരം വികസനരഹിത മേഖലയായി പ്രഖ്യാപിച്ചിരിക്കുന്ന സ്ഥലങ്ങളിൽ പുതുതായി വീടുകൾ വയ്ക്കുന്നതിന് അനുമതി നൽകാൻ സാധിക്കാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തീരദേശ നിയന്ത്രണ മേഖലയിൽ ടൂറിസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നത് കർശനമായ നിബന്ധനകൾക്ക് വിധേയമായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയമാണ്. തീരപ്രദേശത്തുനിന്നും മത്സ്യത്തൊഴിലാളികളെ അകറ്റുന്നത് ശരിയല്ല എന്ന നിലപാടാണ് സർക്കാരിനുള്ളത്.

(ഡി) തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം 1991-ലാണ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചത്. തുടർന്ന് 2011-ൽ വീണ്ടും വിജ്ഞാപനം പുതുക്കി പുറപ്പെടുവിക്കുകയുണ്ടായി. ഈ വിജ്ഞാപനത്തിലെ ചില വ്യവസ്ഥകൾ മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനമായതിനാൽ സംസ്ഥാന സർക്കാരിന് വ്യവസ്ഥകൾ പിൻവലിക്കുവാൻ സാധിക്കുകയില്ല.

മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ നടപടികൾ

150 (3782) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കുമോ ;